പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1135 — 01.07.2015 ൽ മറുപടിക്ക്

**വിദ്യാഭ്യാസ രംഗത്തെ മിഷൻ 676 പ്രകാരമുള്ള കർമ്മ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ:<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ജോസഫ് വാഴയ്ക്കൻ: | ശ്രീ. പി.കെ.അബ്ദുറബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

---

| ചോദ്യം | ഉത്തരം |
|---|---|
| (എ) വിദ്യാഭ്യാസ രംഗത്ത് മിഷൻ 676 പ്രകാരം എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.; വിശദമാക്കുമോ; | (എ) മിഷൻ 676 പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഇവയാണ്<br>1. ആശ്വാസ്<br>2.ജി.വി.രാജാ സ്പോർട്സ് സ്കൂൾ - അടിസ്ഥാന സൗകര്യ വികസനം<br>3 ഇന്ററാക്ടീവ് ഡിസ്റ്റൻസ് ഇ ലേണിംഗ്<br>4. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സ്ഥാപനങ്ങൾക്കുള്ള ധനസഹായം<br>5. അതുല്യം രണ്ടാംഘട്ടം<br>6. അക്ഷര ലക്ഷം രണ്ടാംഘട്ടം<br>7. ആദിവാസി സാക്ഷരതാ പദ്ധതി<br>ഉന്നത വിദ്യാഭ്യാസ രംഗത്ത് മിഷൻ 676 പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം-2 ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതികളെ സംബന്ധിച്ച് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട് |
| (സി) പദ്ധതി നിർവ്വഹണത്തിനായി ഏതെല്ലാം സ്ഥാപനങ്ങളെയും ഏജൻസികളെയുമാണ് പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്; | (സി) സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടിയായ അതുല്യം രണ്ടാം ഘട്ടം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മേൽ-നോട്ടത്തിൽ പഞ്ചായത്ത്. സാമൂഹ്യ-ക്ഷേമം,. നഗരകാര്യന്യൂനപക്ഷ-ക്ഷേമം, ഗ്രാമവികസനം., |

സഹകരണം, ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് എന്നീ വകുപ്പുകളുടെ സഹകരണത്തോടെ-യാണ് നടത്തുന്നത്. പാലക്കാട് ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, എസ്. സി/ എസ്.റ്റി എന്നീ വകുപ്പുകളുടെ സഹകരണ-ത്തോടെ ആദിവാസി സാക്ഷരതാ പദ്ധതി (അട്ടപ്പാടി) നടപ്പിലാക്കുന്നു. മിഷൻ 676 ലെ മറ്റ് പദ്ധതികളെല്ലാം പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ടാണ് നടപ്പിലാക്കുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് മിഷൻ 676 പ്രകാരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-2 ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്

| | | | |
|---|---|---|---|
| (ഡി) | പദ്ധതി നിർവ്വഹണത്തിന് എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | അതുല്യം പദ്ധതിയുടെ (രണ്ടാം ഘട്ടം ) സുഗമമായ നടത്തിപ്പിനായി സംസ്ഥാന തലത്തിലും ജില്ലാ തലങ്ങളിലും സംഘാടക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി തെരെഞ്ഞെടുത്ത റിസോഴ്സ് പേഴ്സൺമാർ, കീ റിസോഴ്സ് പേഴ്സൺമാർ, ഇൻസ്ട്രക്ടർമാർ, പ്രേരക്മാർ എന്നിവർക്ക് ജില്ലാ തലങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർ, വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, ഡയറ്റ് പ്രിൻസിപ്പൽമാർ, ഡെപ്യൂട്ടി ഡയറക്ടർമാർ., ജില്ലാ പ്രൊജക്ട് കോ-ഓർഡിനേറ്റർമാർ എന്നിവരെ ഉൾപ്പെടുത്തി സർക്കാർ പ്രസ്തുത |

പദ്ധതിയുടെ പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്.. അക്ഷരലക്ഷം പദ്ധതിയുടെ ഭാഗമായി ആദിവാസി മേഖല, തീരദേശ മേഖല നഗരചേരികൾ, മത്സ്യതൊഴിലാളികൾ, ഭാഷാ ന്യൂനപക്ഷ മേഖലകൾ എന്നീ നിരക്ഷരതാ തുരുത്തുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിലൂടെ കേരളത്തിലെ 50,000 പേരെ സാക്ഷരരാക്കാനാണുദ്ദേശിക്കുന്നത്. ആദിവാസി സാക്ഷരതാ പരിപാടിയുടെ ഭാഗമായി ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ബ്ലോക്ക് തല മീറ്റിംഗുകളും പഞ്ചായത്ത് തല മീറ്റിംഗുകളും വിളിച്ച് ചേർത്ത് പദ്ധതിയുടെ പ്രാരംഭ-പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്... മിഷൻ 676 ലെ മറ്റ് പദ്ധതികളെല്ലാം പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ടാണ് നടപ്പിലാക്കുന്നത്. . ഉന്നത വിദ്യാഭ്യാസ രംഗത്ത് മിഷൻ 676 പ്രകാരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-2 ൽ ഉൾക്കൊളളി-ച്ചിട്ടുണ്ട്

Sheela H

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**